LIBRARY ARCHIVES Kerala Legislative Assembly

അംഗീകാരം നല്കുന്നത് നാളികേര നീര ബോർഡാണ്. കൂടുതൽ ആദായകരമായി തെങ്ങുകൃഷി നടത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കർഷക സഹകരണ സംഘങ്ങളെ സഹായിക്കുക, നീരയെ ഒരു ആരോഗ്യപാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലും എത്തിച്ച് വിപണനം ചെയ്യുവാനുള്ള സാഹചര്യമൊരുക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളാണ് നാളികേര നീര ബോർഡിനുള്ളത്. നാളികേര നീര ബോർഡ് യോഗങ്ങൾ സംഘടിപ്പിച്ചു കൊണ്ട് നീരയുടെ ഉല്പാദനവും വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ലൈസൻസ് നല്കുന്നത് സംബന്ധിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു. 18-11-2014-ലെ സർക്കാർ ഉത്തരവുപ്രകാരം കൃഷി വകുപ്പ് നീര ഉല്പാദനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിനും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുമായി കാർഷിക സർവ്വകലാശാലയിലെ മൂന്ന് ശാസ്ത്രജ്ഞന്മാർ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, അഗ്രി ചീഫ് കൃഷി ഡയറക്ടർ, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം, മാനേജിംഗ് ഡയറക്ടർ എന്നീ അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതുസംബന്ധിച്ച് അബ്കാരി നിയമം തടസ്സം നില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

10. കൊമ്മേരി ഗോട്ട് ഫാം ടൂറിസം കേന്ദ്രമാക്കൽ

<u>ശ്രീ. ഇ. പി. ജയരാജൻ</u> : സർ, മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കൊമ്മേരി ഗോട്ട് ഫാം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ പ്രദേശത്തോട് ചേർന്നുകിടക്കുന്നതാണ്. ടി ഗോട്ട് ഫാം വികസിപ്പിച്ചുകൊണ്ട് കേരളത്തിലെ പ്രശസ്തമായ ഒരു ഫാം ടൂറിസ്റ്റ് കേന്ദ്രമായി വളർത്തിയെടുക്കാനുള്ള ഭൗതിക സാഹചര്യമുണ്ട്. അവിടത്തെ ഭൂമി ശാസ്ത്രപരമായ ഘടനയും കാലാവസ്ഥയും വന നിബിഡമായിട്ടുള്ള പ്രദേശങ്ങളും മനോഹരമായ കുന്നിൻചെരിവുകളുമെല്ലാം വിദേശികളെയും സ്വദേശികളെയും ആകർഷിക്കാൻ സാധ്യതയുള്ളതാണ്. 12.17 ഏക്കർ സ്ഥലത്താണ് ഈ ഗോട്ട് ഫാം സ്ഥിതി ചെയ്യുന്നത്. അതിൽ എതാണ്ട് 3 ഏക്കർ സ്ഥലം മാത്രമാണ് ആടു വളർത്തലിനുവേണ്ടി ഉപയോഗിക്കുന്നത്. കോളയാട് ഫാമിൽ 1000 ആടുകളെ വളർത്താനുള്ള പ്രോജക്ടാണുള്ളത്. ഇപ്പോൾ ആകെ 200 ആടുകളേയുള്ളൂ. കണ്ണൂർ ജില്ലയിലെ പഞ്ചായത്തുകൾക്ക് ആടുവളർത്തൽ പദ്ധതികൾക്കായി കൊടുക്കാനുള്ള കുഞ്ഞാടുകൾപോലും അവിടെയുണ്ടാകുന്നില്ല. 1000 ആടുകളുണ്ടാവുകയാണെങ്കിൽ ഏതാണ്ട് 10,000-ത്തോളം കുഞ്ഞാടുകളെ അവിടെ ഉണ്ടാക്കിയെടുക്കാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ "ഓൺ ബ്രീഡ് " ആണ് മലബാറി ആടുകൾ. മലബാറി ആടുകൾ പ്രതിരോധശക്തി കൂടുതലുള്ളതും 80 ശതമാനം പ്രസവത്തിലും ഒന്നിൽ കൂടുതൽ കുഞ്ഞുങ്ങളുണ്ടാകുന്നതുമാണ്. ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്ത് പ്രവർത്തിച്ചതിന്റെ ഫലമായി നാലരക്കോടി രൂപ "രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി"യിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. അതുനല്ല കാര്യമാണ്. പക്ഷെ, ഒരു ഫാം ടൂറിസ്റ്റ് കേന്ദ്രമായും 1000 ആടുകളെ വളർത്തുന്ന ഒരു അന്താരാഷ്ട്ര നിലവാരമുള്ള ആടുവളർത്തൽ കേന്ദ്രമായും ഗവേഷണ സ്ഥാപനമായും ഈ സ്ഥാപനത്തെ വിപുലീകരിക്കണം. ഈ ഗോട്ട് ഫാമിന്റെ മധ്യത്തിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന തോടിന്റെ ഒരു വശം ടൂറിസ്റ്റ് സെന്ററായി ഡെവലപ്പ് ചെയ്യണം. ഇത് നെടുംപൊയിൽ-കണ്ണൂർ-ന്റെ പ്രധാനപ്പെട്ട പാതയോരത്തുള്ളതും വയനാടൻ കുന്നിന്റെ ചെരുവിലുമുള്ള ഏറ്റവും നല്ല പ്രദേശവുമാണ്. തമിഴ്നാട്ടിൽ നിന്നും കർണ്ണാടകത്തിൽ നിന്നും മറ്റും ആട്ടിൻകുഞ്ഞുങ്ങൾക്കുവേണ്ടി ആവശ്യക്കാർ വരികയാണ്. പക്ഷെ, കൊടുക്കുന്നതിനുവേണ്ടിയുള്ള കുഞ്ഞാടുകൾ ഉണ്ടാകുന്നില്ല. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഗോട്ട് ഫാം എന്ന നിലയിൽ അഞ്ചു കോടി രൂപ കൂടി ഇതിനനുവദിച്ച് ടൂറിസം വകുപ്പും കൃഷി വകുപ്പും കൂടിച്ചേർന്നുകൊണ്ട് മെച്ചപ്പെട്ട ആടുവളർത്തൽ കേന്ദ്രമായി ഇതിനെ വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം. ഇപ്പോഴുള്ള തുക രണ്ട് ഹൈടെക് ഷെഡ്ഡുകൾ പണിയുന്നതിനുവേണ്ടിയുള്ളതാണ്. അതിൽ ഓരോന്നും ഇന്ന ആവശ്യങ്ങൾക്ക് വേണ്ടിയുള്ളതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗവേഷണ വിദ്യാർത്ഥികൾക്ക് ഗവേഷണം നടത്താനുള്ള ഒരു പഠന സ്ഥാപനമായി ഇതിനെ വികസിപ്പിക്കാൻ കഴിയണം. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ എടുത്തുകൊണ്ടിരിക്കുന്ന താല്പര്യങ്ങൾ തികച്ചും സ്വാഗതാർഹം തന്നെയാണ്. പക്ഷെ അത് വളരെ പരിമിതമാണ് എന്നുള്ളതുകൊണ്ട് ഇക്കാര്യത്തിൽ പ്രത്യേക താല്പര്യമെടുക്കണമെന്നുള്ള കാര്യമാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

1.00 PM]

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കോളയാട് ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന കൊമ്മേരി ആടുവളർത്തൽ കേന്ദ്രം 1965-ൽ സ്ഥാപിക്കപ്പെട്ടതാണ്. നല്ലയിനം തനതു ജനുസുകളായ മലബാറി ഇനത്തിൽപ്പെടുന്ന ആടുകളെയാണ് മേൽപ്പറഞ്ഞ ഫാമിലൂടെ പരിപാലിച്ച് കർഷകർക്ക് വിതരണം ചെയ്തുവരുന്നത്.

ആകെ 12 ഏക്കറിൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിൽ 200 പെൺ ആടുകളേയും 10 മുട്ടനാടുകളേയും വളർത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളാണ് നില വിലുള്ളത്. മേല്പറഞ്ഞ സ്ഥാപനത്തെ ശക്തിപ്പെടുത്തി കൂടുതൽ കഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകുക എന്ന ലക്ഷ്യത്തോടെ 900 പെൺ ആടുകളേയും 100 മുട്ടനാടുകളേയും പരിപാലിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ച് ആർ.കെ.വി.വൈ. 2013-14-ൽ ഉൾപ്പെടുത്തി നാലരക്കോടി രൂപ ധനസഹായം അനുവദിക്കുന്നതിനുള്ള ബൃഹത് പദ്ധതി സമർപ്പിക്കുകയും അതിന് ഭരണാനുമതി ലഭിക്കുകയും ചെയ്തു. ചുറ്റുമതിൽ പണിയുന്നതിന് ഒരുകോടി രൂപയും പുതിയ ഷെഡ്ഡുകൾ പണിയുന്നതിന് രണ്ട് കോടി രൂപയും ഉൾപ്പെടെയാണ് നാലരക്കോടി രൂപ അനുവദിച്ചത്. പദ്ധതി പൂർത്തീകരിക്കുമ്പോൾ വർഷംതോറും ഉദ്ദേശം 2700 ആട്ടിൻകഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനും പകുതിയോളം പെൺകഞ്ഞുങ്ങളെ കർഷകർക്ക് പ്രജനന ആവശ്യങ്ങൾക്കായി നൽകുവാനും മുട്ടനാട് കുട്ടികളെ മാംസോല്പാദന ആവശ്യങ്ങൾക്കായി ഉപയോഗിക്കാനും സാധിക്കും. കൂടാതെ മേൽപ്പറഞ്ഞ ഫാമിലൂടെ കർഷകർക്ക് ആടുവളർത്തൽ പരിശീലനം നൽകുന്നതിനും മേൽത്തരം പുൽത്തൈകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനും സാധിക്കും. ഈ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും ഇതിനുവേണ്ടിയുള്ള തുക കേന്ദ്ര സർക്കാരിൽനിന്ന് കൂടുതലായി ലഭിച്ചിട്ടില്ല. പകുതി സംഖ്യ മാത്രമാണ് ഇപ്പോൾ ലഭിച്ചിട്ടുള്ളത്. ഈ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ സമർപ്പിച്ചിട്ടുള്ള പദ്ധതിയിൽ ഗവേഷണ പ്രവർത്തനങ്ങൾക്കോ ഫാം ടൂറിസത്തിനോ തുക വകകൊള്ളിച്ചിട്ടില്ല. എന്നാൽ ഫാം ടൂറിസത്തിനും ഗവേഷണത്തിനുമുള്ള തുക അനുവദിക്കാൻവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്താൻ പഠനം നടത്തി ആവശ്യമായ ഫണ്ട് അനുവദിക്കാനുള്ള നടപടികൾ കൂടി സ്വീകരിക്കുന്നതാണ്.

11. ട്രെയിൻ യാത്രക്കാരിൽനിന്നും അനധികൃത തുക ഈടാക്കൽ

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : സർ, റെയിൽവേ യാത്രക്കാർക്ക് പകൽ സമയത്ത് സ്ലീപ്പർ കോച്ചിൽ യാത്ര ചെയ്യണമെങ്കിൽ നിലവിലുള്ള ടിക്കറ്റിനുപുറമേ 20 രൂപയുടെ ഒരു ടിക്കറ്റുകൂടി അധികമായി എടുക്കണം. അത്തരത്തിൽ എടുത്ത ഒരു ടിക്കറ്റാണ് എന്റെ കൈവശമുള്ളത്. ചില ട്രെയിനുകളിൽ യാത്ര ചെയ്യുന്നവർക്ക് അത് ഡീ-റിസർവ് ചെയ്തിട്ടുണ്ടെന്ന് മനസ്സിലാക്കാൻ സാധിച്ചു. പക്ഷേ അത് ഇല്ലാത്ത ട്രെയിനുകളിൽ രണ്ട് ടിക്കറ്റ് എടുക്കുന്ന ബുദ്ധിമുട്ടും അധികമായി

LIBRARY ARCHIVES Kerala Legislative Assembly